# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3960

15.03.2017-ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങൾ അഴിമതിരഹിതമാക്കാൻ നടപടി

**ചോദ്യം**

**ശ്രീ.എ.എം. ആരിഫ്**
**" പി.ടി.എ. റഹീം**
**" യു. ആർ. പ്രദീപ്**
**" ഡി.കെ. മുരളി**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ അഴിമതിരഹിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ അഴിമതി വിമുക്തമാക്കുന്നതിനു വേണ്ടി സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരാതി ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) എന്നിവർ മുഖേന അന്വേഷിച്ച് റിപ്പോർട്ട് സ്വീകരിക്കുകയും ആയതിന്മേൽ നടപടിയെടുക്കുകയും ചെയ്യുന്നു. കൂടാതെ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരാതി അന്വേഷിക്കുന്നതിന് 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം സഹകരണ വിജിലൻസ് രൂപീകരിച്ചിട്ടുള്ളതും സംഘങ്ങളിലെ പണാപഹരണം, അഴിമതി, മറ്റ് ഗുരുതരമായ ക്രമക്കേടുകൾ എന്നിവയെ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന കേസുകൾ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. സഹകരണ വിജിലൻസിന് മൂന്ന് മേഖലാ ഓഫീസ് ഉണ്ട്. ഡി.വൈ.എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥൻ ഓരോ മേഖലയുടെയും ചുമതല വഹിക്കുന്നു.

ദക്ഷിണ മേഖലാ ആഫീസ് ആസ്ഥാനം ആലപ്പുഴ, മദ്ധ്യമേഖലാ ആഫീസ് ആസ്ഥാനം തൃശ്ശൂർ, ഉത്തരമേഖലാ ആഫീസ് ആസ്ഥാനം കണ്ണൂർ.

| | | | |
|---|---|---|---|
| (ബി) | സഹകരണ സംഘങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സോഫ്റ്റ് വെയറുകളിൽ പലതും പ്രാദേശികമായി വികസിപ്പിച്ചിട്ടുള്ളതാകയാൽ വേണ്ടത്ര സുരക്ഷിതമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സഹകരണ സംഘങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളിൽ പലതും പ്രാദേശികമായി വികസിപ്പിച്ചിട്ടുള്ളതാകയാൽ വേണ്ടത്ര സുരക്ഷിതമല്ലെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. മാവേലിക്കര താലൂക്ക് സഹകരണ ബാങ്കിൽ സ്ഥാപിച്ചിട്ടുള്ള സെയ്‌വ് പ്ലസ് സോഫ്റ്റ്‌വെയർ സൊല്യൂഷൻസ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സോഫ്റ്റ് വെയർ സംബന്ധിച്ച പരാതിയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (സി) | പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ അരൂർ യൂണിറ്റ് വികസിപ്പിച്ചിട്ടുള്ള 'സഹകാരി' എന്ന സോഫ്റ്റ് വെയർ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഉപയോഗപ്രദമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | വിശദമായ വിലയിരുത്തൽ നടത്തിയിട്ടില്ല. |
| (ഡി) | എങ്കിൽ ആയത് സംസ്ഥാനത്തെ മുഴുവൻ സഹകരണ സംഘങ്ങളിലും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**